ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

KILA

# മാസ്ക് ഒരു സുരക്ഷാ കവചം

## ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

Break the Chain

Back to Basics

CRUSH THE CURVE

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

KERALA INSTITUTE OF LOCAL ADMINISTRATION

# വിവിധ തരം മാസ്കുകൾ

- തുണി മാസ്കുകൾ



- ഡിസ്പോസിബിൾ സർജിക്കൽ മാസ്ക്



- N 95 മാസ്കുകൾ




- ഇതിൽ പൊതുജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്നത് തുണി മാസ്കുകളും ഡിസ്പോസിബിൾ സർജിക്കൽ മാസ്കുകളുമാണ്.
- ഡിസ്പോസിബിൾ സർജിക്കൽ മാസ്ക് പ്രധാനമായും രണ്ടുതരമുണ്ട് (ടു ലെയർ /ത്രീ ലെയർ). ഇത്തരം മാസ്കുകൾ ഒറ്റതവണ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- ആരോഗ്യ പ്രവർത്തകരാണ് N95 മാസ്കുകൾ ഉപയോഗിക്കുന്നത്

# മാസ്ക് ധരിക്കുന്നതിന് മുൻപ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മാസ്കുകൾ തിരഞ്ഞെടുക്കുമ്പോൾ ഓരോരുത്തർക്കും അനുയോജ്യമാണെന്ന് ഉറപ്പാക്കുക.
- നിങ്ങളുടെ ശ്വസന സ്രവങ്ങളെ തടയുന്നതിന് ആവശ്യമായ വിധത്തിൽ പാളികൾ ഉള്ള മാസ്ക് തിരഞ്ഞെടുക്കുക.
- വളരെ നേർത്ത പാളികളുള്ള മാസ്ക് തിരഞ്ഞെടുക്കരുത്
- തുണി മാസ്കുകൾ തിരഞ്ഞെടുക്കുമ്പോൾ കഴുകാവുന്നവയും, ശ്വസിക്കാൻ കഴിയുന്നവയും ആയിരിക്കണം.

- ഓരോ മാസ്കും മൂക്ക് മുതൽ കീഴ്ത്താടി വരെ പൂർണ്ണമായും മൂടുന്ന വിധത്തിലുള്ളതായിരിക്കണം.



- മാസ്കിൽ ഏതെങ്കിലും വിധത്തിലുള്ള കേടുപാടുകൾ ഉണ്ടോയെന്നു പരിശോധിക്കുക
- കേടുപാടുകൾ ഉള്ള മാസ്കുകൾ ഒരു കാരണവശാലും ധരിക്കാൻ പാടില്ല.
- മാസ്ക് ധരിക്കുന്നതിനു മുമ്പായി കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ചോ സാനിട്ടൈസർ ഉപയോഗിച്ചോ വൃത്തിയാക്കേണ്ടതാണ്.



# മാസ്കുകൾ ധരിക്കുന്ന വിധം

- കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ചോ സാനിട്ടൈസർ ഉപയോഗിച്ചോ വൃത്തിയാക്കുക.
- മാസ്കിന്റെ ഏത് വശമാണ് മുൻവശമെന്ന് നിർണ്ണയിക്കുക.
- മാസ്കിന്റെ ഏത് വശമാണ് മുകളിലെന്ന് നിർണ്ണയിക്കുക
- മാസ്കിന്റെ കട്ടപ്പമുള്ള ഭാഗമാണ് സാധാരണയായി മുകൾ ഭാഗം.


- കെട്ടുന്ന മാസ്കുകൾ ആണെങ്കിൽ മാസ്ക് ധരിക്കുമ്പോൾ മുകളിലത്തെ രണ്ട് ചരടുകളും പിടിച്ചതിനുശേഷം കൈവിരലുകൾകൊണ്ട് മാസ്കിന്റെ മുകൾ ഭാഗം മൂക്കിന്റെ ഭാഗത്ത് അമർത്തി ചേർത്ത് വക്കുക. തുടർന്ന് മുകളിലത്തെ ചരടുകൾ കെട്ടുക.
- തുടർന്ന് താഴത്തെ രണ്ട് ചരടിലും പിടിച്ച മാസ്കിന്റെ പ്ലീറ്റുകൾ താഴേക്കു സാവധാനം വിടർത്തുക.
- മാസ്കിന്റെ പ്ലീറ്റുകൾ നിവർന്നു വരികയും താടിയും തൊട്ടു താഴ്ഭാഗവും (കീഴ്ത്താടി) മൂടത്തക്കവിധം ചരടുകൾ പുറകിലായി കെട്ടുക

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

- ഇയർ ലൂപ്പുകളുള്ള മാസ്ക് ആണ് ധരിക്കുന്നതെങ്കിൽ മാസ്കിന്റെ ഈ ലൂപ്പുകളിൽ പിടിക്കുക. തുടർന്ന് ഓരോ ചെവിയിലും ലൂപ്പ് ഇടുക
- മാസ്കിന്റെ കട്ടപ്പമുള്ള അറ്റം മൂക്കിൽ ചേർത്ത് വയ്ക്കുക.
- മാസ്കിന്റെ അടിഭാഗത്തെ സാവധാനം പിടിച്ച് താടിയും തൊട്ടു താഴ്ഭാഗവും (കീഴ്ത്താടി) വരെ മൂടത്തക്കവിധം വയ്ക്കുക.

# മാസ്ക് ഊരി മാറ്റുന്ന വിധം

- മാസ്കിൽ  തൊടുന്നതിനുമുമ്പ് സോപ്പും വെള്ളവും അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുചിയാക്കുക.
- മാസ്കിന്റെ മുൻവശത്ത് സ്പർശിക്കുന്നത് ഒഴിവാക്കുക.
- മാസ്കുകൾ ഊരി മാറ്റുമ്പോൾ, ചരടുകൾ അഥവാ  ഇയർ ലൂപ്പുകൾ എന്നിവയിൽ മാത്രം സ്പർശിക്കുക.



- കെട്ടുന്ന മാസ്ക് മാറ്റുമ്പോൾ ആദ്യം താഴത്തെ ചരടുകൾ അഴിക്കുക. തുടർന്ന് മുകളിലത്തെ ചരടുകളും അഴിച്ച്, ഈ ചരടുകളിൽ  മാത്രം പിടിച്ച് മാസ്ക് മുന്നിലേക്ക് മാറ്റുക.
- ലൂപ്പുകളുള്ള മാസ്ക് മാറ്റുമ്പോൾ രണ്ടു ലൂപ്പുകളും ഒരുമിച്ച് പിടിച്ച് അല്പം ഉയർത്തി സാവധാനം മാസ്ക് മുന്നിലേയ്ക്ക് മാറ്റുക.
- മാസ്ക് മാറ്റിയ ഉടൻ സോപ്പും വെള്ളവും അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുചിയാക്കുക


# ഇരട്ട മാസ്ക്ക് ധരിക്കുന്ന വിധം

- പൊതുജനങ്ങൾ ഡബിൾ മാസ്കിംഗ് അഥവാ ഇരട്ട മാസ്കുകൾ ധരിക്കുന്നതാണ് കോവിഡ് 19 പ്രതിരോധത്തിനു നല്ലതെന്ന് യു.എസ് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ പറയുന്നു.

- രണ്ടു മാസ്ക്ക് ധരിക്കുന്നതിലൂടെ വായു പുറത്തേയ്ക്ക് ലീക്ക് ആകുന്നതു തടയുന്നു. ആയതിനാൽ സ്രവ കണികകളിലൂടെയുള്ള രോഗപകർച്ചയും തടയാൻ കഴിയുന്നു.



- ഒരു സർജിക്കൽ മാസ്കും ഒരു തുണി മാസ്കും ഒന്നിച്ചു ധരിക്കുന്നതാണ് ഡബിൾ മാസ്കിംഗ് അഥവാ ഇരട്ട മാസ്കിംഗ്.
- ലൂപ്പുകൾ ഉള്ള ഒരു സർജിക്കൽ മാസ്ക് എടുത്തു രണ്ടായി മടക്കി രണ്ടു വശത്തെയും ലൂപ്പുകളിൽ ഓരോ കെട്ട് ഇടുക.
- തുടർന്ന് ലൂപ്പ് ഉള്ള മാസ്ക് ധരിക്കുന്നത് പോലെ ഈ മാസ്ക് ധരിക്കുക. ഇതിനു മുകളിലായി ഒരു തുണി മാസ്ക് കൂടി ധരിക്കുക.



- ഇരട്ട മാസ്ക്ക് ധരിച്ച ശേഷം ശ്വസനത്തിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടോ എന്ന് ശ്രദ്ധിക്കുക.
- സംസാരിക്കാൻ ബുദ്ധിമുട്ട് ഉണ്ടോ എന്ന് ശ്രദ്ധിക്കുക.
- ഒരു കാരണവശാലും ഡബിൾ മാസ്ക്കിന്റെ ഭാഗമായി രണ്ടു സർജിക്കൽ മാസ്ക്ക് ഒരുമിച്ചോ, രണ്ടു തുണിമാസ്ക്കുകൾ ഒരുമിച്ചോ ധരിക്കാൻ പാടില്ല.
- N95 മാസ്കിന്റെ കൂടെ മറ്റു മാസ്ക്കുകൾ ധരിക്കാൻ പാടില്ല.

# പൊതു നിർദേശങ്ങൾ

- മാസ്കുകൾ ധരിക്കുന്നതിനു മുമ്പായി സോപ്പും  വെള്ളവും അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുചിയാക്കുക.
- മാസ്കുകൾ ഈർപ്പമുള്ളതോ നനഞ്ഞതായോ തോന്നിയാൽ ഉടൻതന്നെ മാറ്റി മറ്റൊന്ന് ധരിക്കേണ്ടതാണ്
- ഓരോ വ്യക്തിക്കും അവനവന്റെ ഉപയോഗത്തിനായി ഒരു കൂട്ടം തുണി മാസ്കുകൾ ഉണ്ടായിരിക്കണം. എല്ലായ്പ്പോഴും അധികം മാസ്ക് കയ്യിൽ കരുതേണ്ടതാണ്.

- മാസ്ക്ക് മാറിയ ഉടനെ തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിനോ കഴുകുന്നതിണോ സാധ്യമല്ലയെങ്കിൽ പ്ലാസ്റ്റിക് കവറിനുള്ളിൽ സുരക്ഷിതമായി വച്ചതിനു ശേഷം പിന്നെ കഴുകേണ്ടതാണ്.
- മാസ്ക്ക് സൂക്ഷിച്ചിരുന്ന കവർ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി ഉണക്കേണ്ടതാണ്.
- ആഹാരം കഴിക്കാനോ മറ്റോ മാസ്ക്ക് മാറ്റേണ്ടി വന്നാൽ വീണ്ടും അതേ മാസ്ക്ക് ധരിക്കാതിരിക്കുന്നതാണ് ഉത്തമം.

- കോവിഡ് സംശയിക്കുന്ന വ്യക്തികൾ തുണിമാസ്ക് ഉപയോഗിക്കരുത്.
- തുണി മാസ്കുകൾ കഴുകി ഉണക്കാതെ ഒരുകാരണവശാലും പുനരുപയോഗിക്കരുത്.
- മാസ്ക് ഇടക്കിടെ കൈകൊണ്ടു സ്പർശിക്കാൻ പാടില്ല





- മാസ്ക് അഡ്ജസ്റ്റ് ചെയ്യുന്നതിന്റെ ഭാഗമായി അതിന്റെ പ്രതലങ്ങളിൽ സ്പർശിക്കുന്നതിനു മുൻപും പിൻപും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതാണ്
- മാസ്കുകൾ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല
- മാസ്ക് മാറ്റുന്ന സമയത്ത് കൈകൾ കണ്ണ്, മൂക്ക്, വായ എന്നിവിടങ്ങളിൽ സ്പർശിക്കാൻ പാടുള്ളതല്ല

# മാസ്കുകളുടെ പുനരുപയോഗം /നിർമ്മാർജ്ജനം

- നിർമ്മാർജ്ജനം ചെയ്യുന്നതിന് മുൻപായി സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനി / ബ്ലീച്ച് ലായനി (1%) ഉപയോഗിച്ച് അണുവിമുക്തമാക്കണം.
- ഇപ്പോഴത്തെ സാഹചര്യത്തിൽ കത്തിച്ചുകളയുകയോ ആഴത്തിൽ കുഴിച്ചിടുകയോ ചെയ്യേണ്ടതാണ്. പുനരുപയോഗിക്കാൻ സാധിക്കാത്ത മാസ്കുകൾ പ്രത്യേകിച്ചും സർജിക്കൽ മാസ്കുകൾ യഥാവിധി നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.



- ഒരു കാരണ വശാലും മാസ്കുകൾ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയരുത്. പൊതു സ്ഥലങ്ങളിൽ ഇതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള മാലിന്യ ശേഖരണ ബിന്നുകളിൽ മാത്രം നിക്ഷേപിക്കുക.
- പുനരുപയോഗിക്കാൻ കഴിയുന്ന തുണി മാസ്കാണ് ഉപയോഗിക്കുന്നതെങ്കിൽ മാസ്ക് കഴുകി ഉണക്കി ഇസ്തിരിയിട്ട ശേഷം മാത്രം ഉപയോഗിക്കുക.



KILA Help Desk

0487-2455000
0487-2204097

helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

**KERALA INSTITUTE OF LOCAL ADMINISTRATION**
**Website : www.kila.ac.in, Email : info@kila.ac.in**